# ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നടപടിക്രമങ്ങൾ

## ഹാജർ:ഡോ.നവ്ജോത് ഖോസ ഐഎഎസ്

സി.എഫ്.എസ് - മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രത്യേക പരിശോധനയും തുടർ നടപടികളും - വെളിച്ചെണ്ണ പരിശോധന - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**<u>ഉത്തരവ് നം.ബി1/3243/17/സി.എഫ്.എസ് തീയതി 25/04/2017</u>**

കേരളത്തിൽ വിതരണം ചെയ്തു വരുന്ന ഇവിടെ ഉൽപ്പാദിപ്പിക്കുന്നതും, അന്യസംസഥാനങ്ങളിൽ നിന്നും എത്തിക്കുന്നതുമായ വെളിച്ചെണ്ണയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലെ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം മേഖല മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ അവരവരുടെ അധികാര പരിധിയുള്ള ജില്ലകളിലെ വെളിച്ചെണ്ണ വിതരണ നിർമ്മാണ സ്ഥാപനങ്ങൾ പരിശോധിച്ച് സാമ്പിളുകൾ ശേഖരിക്കേണ്ടതും ഇവ പരിശോധനയ്ക്കായി ലാബുകളിൽ എത്തിക്കേണ്ടതുമാണ്. പരിശോധനകൾ 27.04.2016 ന് തുടങ്ങി 06.05.2017 ന് തീർക്കേണ്ടതുമാണ്. പരിശോധന സംബന്ധമായ റിപ്പോർട്ടുകൾ അതാത് ദിവസങ്ങളിൽ തന്നെ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഓരോ ജില്ലയിലും പരിശോധനയ്ക്കായി എടുക്കേണ്ട സാമ്പിളുകളുടെ എണ്ണം ഇതോടൊപ്പം നൽകുന്നു (വ്യത്യസ്ത ബ്രാൻഡുകൾ)

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 15 |
| 2 | കൊല്ലം | 10 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 15 |
| 8 | തൃശ്ശൂർ | 15 |
| 9 | മലപ്പുറം | 15 |
| 10 | പാലക്കാട് | 15 (ചെക്ക് പോസ്റ്റിൽ നിന്ന് ഉൾപ്പെടെ) |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 5 |
| 13 | കണ്ണൂർ | 8 |
| 14 | കാസർഗോഡ് | 5 |

ഓരോ ജില്ലകളിലും കുറഞ്ഞത് മൂന്ന് വെളിച്ചെണ്ണ നിർമ്മാണ സ്ഥാപനങ്ങളും മൂന്ന് പാക്കിംഗ് യൂണിറ്റുകളും പരിശോധിക്കേണ്ടതും ടി സ്ഥാപനങ്ങളിൽ നിന്നും ഓരോ സാമ്പിൾ അധികമായി എടുക്കേണ്ടതുമാണ്. കൂടാതെ ഭക്ഷ്യ എണ്ണകൾക്കായുള്ള ഭക്ഷ്യഗുണനിലവാര റെഗുലേഷൻ അനുശാസിക്കുന്ന എല്ലാ മാനദണ്ഢങ്ങളും ടി സ്ഥാപനങ്ങൾക്ക് ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. സമയബന്ധിതമായി ലാബ് പരിശോധനകളും പൂർത്തികരിക്കേണ്ടതാണ്.

ഭക്ഷ്യസുരക്ഷാ കമ്മീഷണർ

സ്വീകർത്താവ്

അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി
മൊബൈൽ വിജിലൻസ് സ്ക്വാഡ്,
തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്

പകർപ്പ് : -

1. ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ)
2. ജോയിന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
3. ചീഫ് ഗവൺമെന്റ് അനലിസ്റ്റ്, ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി, തിരുവനന്തപുരം(ഈ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ഭക്ഷ്യ എണ്ണകളുടെ സാമ്പിളുകൾ കൃത്യതയോടെ പരിശോധിച്ച് റിപ്പോർട്ടുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ എല്ലാ ഫുഡ് അനലിസ്റ്റ്മാർക്കും നിർദ്ദേശം നൽകേണ്ടതാണ്).
4. ഗവൺമെന്റ് അനലിസ്റ്റ്, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം/കോഴിക്കോട്
5. കരുതൽ ശേഖരം/കാര്യാലയപകർപ്പ്